بِسۡمِ اللّٰہِ الرَّحۡمٰنِ الرَّحِیۡمِ

**ബലിപെരുന്നാൾ**

**ഖുത്വ്ബ**

**06-06-2025**

# അല്ലാഹുവിനോടും സമസൃഷ്ടികളോടുമുള്ള കടമകൾ നിറവേറ്റുന്നതാകട്ടെ നമ്മുടെ ഈദ്

സയ്യിദുനാ അമീറുൽ മുഅ്മിനീൻ ഹദ്റത്ത് ഖലീഫത്തുൽ മസീഹ് അൽ ഖാമിസ് (അയ്യദഹുല്ലാഹ്..) യു.കെ യിലെ മസ്ജിദ് മുബാറക്കിൽ വച്ച് നിർവഹിച്ചത്

اَشۡھَدُ اَنۡ لَّاۤ اِلٰہَ اِلَّا اللّٰہُ وَحۡدَہٗ لَا شَرِیۡکَ لَہٗ وَاَشۡھَدُ اَنَّ مُحَمَّدًا عَبۡدُہٗ وَ رَسُوۡلُہٗ

اَمَّا بَعۡدُ فَاَعُوۡذُ بِاللّٰہِ مِنَ الشَّیۡطٰنِ الرَّجِیۡمِ۔ بِسۡمِ اللّٰہِ الرَّحۡمٰنِ الرَّحِیۡمِ۔

اَلۡحَمۡدُ لِلّٰہِ رَبِّ الۡعٰلَمِیۡنَ ○ الرَّحۡمٰنِ الرَّحِیۡمِ ○ مٰلِکِ یَوۡمِ الدِّیۡنِ ○ اِیَّاکَ نَعۡبُدُ وَ اِیَّاکَ نَسۡتَعِیۡنُ ○

اِہۡدِنَا الصِّرَاطَ الۡمُسۡتَقِیۡمَ ○ صِرَاطَ الَّذِیۡنَ اَنۡعَمۡتَ عَلَیۡہِمۡ ۬ۙ غَیۡرِ الۡمَغۡضُوۡبِ عَلَیۡہِمۡ وَ لَا الضَّآلِّیۡنَ ○

തശഹ്ഹുദും തഅവ്വുദും സൂറത്തുൽ ഫാത്തിഹയും ഓതിയ ശേഷം ഹുസൂർ തിരുമനസ്സ് സൂറഃ ഹജ്ജിലെ 35 മുതൽ 39 വരെയുള്ള വചനങ്ങൾ അർഥസഹിതം പാരായണം ചെയ്തു. ശേഷം ഇപ്രകാരം അരുളി:

ബലിപെരുന്നാൾ ദിവസം മൃഗങ്ങളെ അറുത്ത് മാംസം എടുക്കുന്നതു പോലെ മറ്റുള്ളവയെ കേവലം ബലി ചെയ്തെടുക്കുകയല്ല ബലികൊണ്ടുള്ള ഉദ്ദേശ്യം, മറിച്ച് വലിയ ലക്ഷ്യങ്ങൾ കൈവരിക്കുന്നതിന് ചെറിയ കാര്യങ്ങൾ ത്യജിക്കുക എന്നാണ് ഈ വചനങ്ങൾ പറഞ്ഞു വയ്ക്കുന്നത്. ആകയാൽ, സ്രഷ്ടാവായ ദൈവത്തിനു വേണ്ടി ത്യാഗം വരിക്കാൻ നിങ്ങളും തയ്യാറായിരിക്കേണ്ടതാണ്. നിങ്ങൾ തഖ്‌വയിൽ ചരിക്കണമെന്നേ അല്ലാഹു നിങ്ങളിൽനിന്ന് പ്രതീക്ഷിക്കുന്നുള്ളൂ. തന്റെ ഏതെങ്കിലും പ്രവൃത്തി അല്ലാഹുവിന്റെ അപ്രീതിക്ക് ഇടയാകുമോ എന്ന ഭയവും ഭീതിയും മനസ്സിൽ സൂക്ഷിക്കുകയും ദൈവകല്പനകൾ പാലിച്ചുകൊണ്ട് ദൈവപ്രീതി കൈവരിക്കാൻ സദാ പ്രയത്നിക്കുകയും ചെയ്യണമെന്നാണ് അല്ലാഹു ആഗ്രഹിക്കുന്നത്.

അഹ്മദിയ്യാ ജമാഅത്ത് ബലികർമം ചെയ്യുന്നത് പാക്കിസ്ഥാനിൽ ഇപ്പോൾ തടഞ്ഞിരിക്കുകയാണല്ലോ. കഴിഞ്ഞ കുറേ വർഷങ്ങളായി ഈ വിലക്ക് തുടരുന്നു. തഖ്‌വയാണ് പരമപ്രധാനം. അതായത് ബലികർമം അനുഷ്ഠിക്കാൻ അനുവദിക്കുന്നില്ലെങ്കിൽ പോലും നാം ഏത് ഉദ്ദേശ്യത്താലാണ് ബലികർമം നടത്തുന്നത് എന്ന് അല്ലാഹുവിന്നറിയാം. തഖ്‌വയിൽ ചരിച്ചുകൊണ്ട് ബലികർമം അനുഷ്ഠിക്കുകയായിരുന്നു നമ്മുടെ നിയ്യത്ത്( ഉദ്ദേശ്യം) എങ്കിൽ അതു ചെയ്യാതെ തന്നെ അല്ലാഹു നമ്മുടെ ബലി സ്വീകരിക്കുന്നതാണ്. പ്രകടനാത്മകമായി ബലി നടത്തുന്നവരുണ്ടല്ലോ, അവരുടെ പ്രസ്തുത കർമം തഖ്‌വയില്ലാത്ത ബലിയാണ്. ഇവരാണോ അല്ലാഹുവിന്റെ കല്പനകൾ പ്രാവർത്തികമാക്കുന്നവർ? ജനങ്ങളുടെ അവകാശങ്ങളെ ചവിട്ടിമെതിക്കാൻ അല്ലാഹു കല്പിച്ചിട്ടുണ്ടോ? ജനങ്ങളോട് അന്യായം പ്രവർത്തിക്കുകയും അല്ലാഹുവിനെ ആരാധിക്കുന്നതിൽനിന്ന് അവരെ തടയുകയും ചെയ്തു കൊള്ളുക എന്നാണോ അവൻ പറയുന്നത്? അത്തരമൊരു കല്പനം അല്ലാഹു നല്കിയിട്ടില്ല. *ലാ ഇലാഹ ഇല്ലല്ലാഹ്* എന്നു ചൊല്ലുന്ന ഏതൊരുവനും മുസ്‌ലിമാണെന്നാണ് അല്ലാഹു പറഞ്ഞിരിക്കുന്നത്. എന്നാൽ ഈയിടെ ഇവർ അഹ്മദികൾക്കെതിരെ ചെയ്തുകൂട്ടുന്നല്ലോം അല്ലാഹുവിൽനിന്ന് അകറ്റുന്ന കാര്യങ്ങളാണ്. അക്രമമാണത്. ഏതായിരുന്നാലും ഈ ബലികർമങ്ങളൊക്കെ ദൈവസാമീപ്യം കരസ്ഥമാക്കാൻ വേണ്ടിയാണെന്ന് നാം നിർബന്ധമായും മനസ്സിലാക്കണം. അതുകൊണ്ട് നിങ്ങൾ ബലി കർമം നടത്തുന്നില്ലെങ്കിൽ പോലും അല്ലാഹു സ്വീകരിക്കുന്നതാണ്. എന്തെന്നാൽ, 'നിങ്ങളുടെ ബലിമൃഗത്തിന്റെ മാംസമോ രക്തമോ അല്ല

എന്നിലേക്ക് എത്തുന്നത്; നിങ്ങളുടെ തഖ്‌വ യാണ്' എന്നാണ് അല്ലാഹു അരുളിയിരിക്കുന്നത്. അല്ലാഹുവിനോടുംസമസൃഷ്ടികളോടുമുള്ള കടമ നിറവേറ്റലാണ് നിങ്ങളുടെ ജീവിതലക്ഷ്യ മെന്ന് അവൻ വ്യക്തമാക്കിയിരിക്കുന്നു. ഇതിൽ പരമപ്രധാനം ജമാഅത്തായ നമസ്കാരമാണ്. നാനാഭാഗത്തു നിന്നും ക്ലേശങ്ങൾ നേരിട്ടു കൊണ്ടിരിക്കുന്ന ഇക്കാലത്ത് മുൻപത്തെക്കാൾ ഉപരി നമസ്കാരത്തെ സംരക്ഷിച്ചു നിർത്താൻ നാം ബാധ്യസ്ഥരാണ്. ദൈവസമക്ഷം കരഞ്ഞു ദുആ ചെയ്യുക. മൃഗത്തെ അറുക്കുമ്പോൾ അതു പിടയുന്നതു പോലെ, നമ്മുടെ കർമങ്ങളിലും ഒരു പിടച്ചൽ പ്രകടമാകേണ്ടതാണ്. പാകിസ്താനിലെ അഹ്മദികൾ ഇക്കാര്യത്തിലേക്ക് പ്രത്യേകം ശ്രദ്ധ പതിപ്പിക്കുകയാണ് വേണ്ടത്. നമസ്കാരത്തെ ഒരു ഭാരമായി കണക്കാക്കാതെ അത് നിറവേ റ്റേണ്ട വിധം അനുഷ്ഠിക്കുക. നമസ്കാരം ജമാഅ ത്തായും മനോഹരമായും നിർവഹിക്കേണ്ടതാണ്. സ്വന്തം ആരാധനകളുടെ നിലവാരം ഉയർത്തു മെന്ന് നാം പ്രതിജ്ഞ ചെയ്യുക. പാകിസ്താനിൽ പെരുന്നാൾ നമസ്കാരത്തിന് അനുവാദം ലഭി ച്ചില്ലെന്നു വരാം. ഭരണകൂടം നിയന്ത്രണം ഏർ പ്പെടുത്തിയേക്കാം, ഏർപ്പെടുത്തിയിട്ടുമുണ്ടാകും. നാംഇതിനെയൊന്നുംഗൗനിക്കുകയോനിരാശപ്പെ ടുകയോ ചെയ്യരുത്. സ്വഭവനങ്ങളിൽ പെരുന്നാൾ നമസ്കരം അനുഷ്ഠിച്ചുകൊള്ളുക. അതേ സമയം, നാം അല്ലാഹുവിനെ ആരാധിക്കുമെന്നും സമസൃഷ്ടികളോടുള്ള കടമകൾ നിറവേറ്റാൻ പരിശ്രമിക്കുമെന്നും പ്രതിജ്ഞ ചെയ്യുകയും വേണം. നമസ്കാരം അർഹമായ നിലയിൽ അനുഷ്ഠിക്കാൻ നാംശ്രമിക്കേണ്ടതാണ്.

ഹദ്റത്ത് മസീഹ് മൗഊദ്(അ) അരുൾ ചെയ്യുന്നു: *ആരാധനയ്ക്ക് രണ്ടു ഭാഗങ്ങളുണ്ട്. ഒന്ന്, മനു ഷ്യൻ അല്ലാഹുവിനെ ഭയപ്പെടേണ്ട വിധം ഭയ പ്പെടുക. രണ്ട്, മനുഷ്യൻ അല്ലാഹുവിനെ സ്നേ ഹിക്കേണ്ട വിധം സ്നേഹിക്കുക. ഈ രണ്ടു കല്പ നകളിൽ ഭയത്തിന്റേതായ വശം നിറവേറ്റുന്നതിന് അല്ലാഹു നമസ്കാരവും സ്നേഹത്തിന്റെ വശം പ്രകടമാക്കുന്നതിന് ഹജ്ജും വച്ചിരിക്കുന്നു.*

അഹ്മദികളെ തങ്ങളുടെ വിശ്വാസത്തിൽനിന്ന് അകറ്റി നിർത്താനാണ് ശത്രുക്കൾ ശ്രമിക്കുന്നത്. അവരാകട്ടെ, ഇതിലൊട്ടും വിജയിക്കുകയില്ല. വിശ്വാസം ഹൃദയത്തിൽ ഉറച്ച കരുത്തരായ അഹ്മദികൾ ഇത്തരക്കാരുടെ ദ്രോഹപ്രവത്ത നങ്ങളാൽ പിൻവാങ്ങുന്നവരല്ല. ഈ ദിനങ്ങളിൽ നാം നമ്മുടെ ആരാധനയുടെ നിലവാരം ഉയർ ത്താൻ ശ്രമിക്കുകയാണ് വേണ്ടത്.

പാകിസ്താനി അഹ്മദികളുടെ ബന്ധുക്കൾ വിദേ ശരാജ്യങ്ങളിൽ കഴിയുന്നുണ്ടല്ലോ. സ്വന്തം രാജ്യത്ത് അവർക്ക് ബലികർമം നടത്താൻ കഴി യില്ലെങ്കിൽ വിദേശരാജ്യങ്ങളിലെ ബന്ധുക്കൾ മുഖേന അവർക്ക് മൃഗബലി നടത്താവുന്നതാണ്. ആഫ്രിക്കയിലെ ദരിദ്രരാജ്യങ്ങളിൽ ബലികർമം നടത്താവുന്നതാണ്. ബലി കർമത്തിൽനിന്ന് തടയപ്പെടുമ്പോഴും അതു നിർവഹിക്കാനുള്ള മറ്റു മാർഗങ്ങളും അല്ലാഹു നല്കിയിരിക്കുന്നു. ദരിദ്രരുടെ കാര്യങ്ങൾ ശ്രദ്ധിക്കുകയും അവർക്ക് ഭക്ഷണം നല്കുകയും അവരുടെ ആവശ്യങ്ങൾ നിറവേറ്റുകയും ചെയ്യുക എന്നാണ് അല്ലാഹു കല്പിച്ചിരിക്കുന്നത്. ഹജ്ജിനോടൊപ്പം മൃഗബ ലിയും അല്ലാഹു വച്ചിട്ടുണ്ടെങ്കിലും ത്യാഗം ചെയ്യേണ്ട മറ്റു സന്ദർഭങ്ങളുമുണ്ട്, അവയും പ്രയോജനപ്പെടുത്തണം. കൂടാതെ, സമയം, സമ്പത്ത് തുടങ്ങിയ ത്യാഗങ്ങൾക്കായും കഴിയു ന്നത്ര പരിശ്രമിക്കുക. അല്ലാഹു വിരോധിച്ച കാര്യങ്ങളിൽനിന്ന് വിട്ടുനിൽക്കുക എന്നതും ത്യാഗമാണ്.

സമസൃഷ്ടികളോടുള്ള കടമകൾ നിറവേറ്റുക എന്നതും പരമപ്രധാനമാണ്. ഇതിൽ ഭാര്യാഭർ ത്താക്കന്മാർ, സഹോദരീസഹോദരന്മാർ, ബന്ധു മിത്രാദികൾ, അയൽവാസികൾ, നാട്ടുകാർ- ഇവരോടെല്ലാം ഉള്ള കടമകൾ ഉൾപ്പെടുന്നു. ഇവരുടെ കാര്യങ്ങൾ ശ്രദ്ധിക്കേണ്ടതാണ്. ശത്രുക്കളുടെ പോലും അവകാശങ്ങൾ സംര ക്ഷിച്ച മതമാണ് ഇസ്‌ലാം. അമുസ്‌ലീങ്ങളുടെ അവകാശങ്ങളും അതു സംരക്ഷിച്ചു. സമസൃ ഷ്ടികളോടുള്ള കടമകൾ നാം പൂർണമായി നിറ വേറ്റുകയാണെങ്കിൽ അതു ചിലപ്പോൾ ആരാധന യുടെ പോലും വർണം അവലംബിക്കാറുണ്ട്. അതോടെ, ആരാധനയിൽനിന്ന് തടയുന്നത് നമ്മെ ബാധിക്കുകയേയില്ല. നിങ്ങൾ ആടിനെ ബലി നല്കിയെന്നതിൽ മാത്രമല്ല അല്ലാഹു തൃപ്ത നാകുന്നത്. മറിച്ച്, സമസൃഷ്ടികളോടുള്ള കട മകൾ നിറവേറ്റുമ്പോഴാണ് അവൻ സംപ്രീതനാ കുന്നത്.

താനിഷ്ടപ്പെടുന്നത് തന്റെ സഹോദരനുവേ

ണ്ടിയും ഇഷ്ടപ്പെടുന്നത് വരെ നിങ്ങളിൽ ഒരാളും വിശ്വാസിയാകുന്നതല്ല എന്ന് ഹദീസിൽ വന്നിരിക്കുന്നു. 'നിങ്ങൾ വിശ്വസിക്കുന്നതുവരെ സ്വർഗത്തിൽ പ്രവേശിക്കുന്നതല്ല; നിങ്ങൾ പരസ്പരം സ്നേഹിക്കുന്നതുവരെ വിശ്വാസികളാവുകയുമില്ല' എന്ന് നബിതിരുമേനി(സ) പറയുകയുണ്ടായി.

ആകയാൽ പരലോകത്ത് സ്വർഗാവകാശികളാകുക മാത്രമല്ല, ഇഹലോകത്തുതന്നെ സ്വർഗസമാനമായ സമൂഹം നിർമിക്കുന്നതിനു വേണ്ടി അഹ്മദികൾ പരസ്പരമുള്ള എല്ലാ പിണക്കങ്ങളും അവസാനിപ്പിക്കുകയാണ് വേണ്ടത്. ശത്രുക്കൾ നമ്മുടെ കെട്ടുറപ്പ് തകർക്കാതിരിക്കാൻ ഇക്കാലത്ത് പ്രത്യേകിച്ചും അഹ്മദികൾ പരസ്പരമുള്ള പിണക്കങ്ങളെല്ലാം തീർത്ത് ഒരു സുന്ദരസമൂഹത്തിന് അസ്തിവാരമിടണം. നമ്മിൽ തഖ്‌വ സംജാതമായെങ്കിൽ മാത്രമേ നാം ദൈവസാമീപ്യം കരസ്ഥമാക്കുന്നവരും മൃഗലി നടത്താതെ തന്നെ ബലികർമം അനുഷ്ഠിക്കുന്നവരും ആയിത്തീരുകയുള്ളൂ.

ഹദ്റത്ത് മസീഹ് മൗഊദ്(അ) പറയുന്നു: *നമ്മുടെ നബിതിരുമേനി(സ) വാർത്തെടുത്ത അനുചരവൃന്ദത്തിലെ എല്ലാവരും പരിശുദ്ധരും ദീനിനായി തങ്ങളുടെ ജീവൻഅർപ്പിച്ചവരുമായിരുന്നു. കപടമായ നിലയിൽ ജീവിച്ച ഒരാളും അവരിൽ ഉണ്ടായിരുന്നില്ല.*

ഹുസൂർ തിരുമനസ്സ് പറഞ്ഞു: നമ്മുടെ ഈദ് വെറും കാട്ടിക്കൂട്ടുന്ന ഈദ് ആകാതെ അല്ലാഹുവിനോടും സമസൃഷ്ടികളോടുമുള്ള കടമകൾ നിർവഹിക്കുന്നതാകട്ടെ. അല്ലാഹുവിന്റെ അനുഗ്രഹങ്ങൾ നാം സ്വായത്തമാക്കുന്നവരായിത്തീരട്ടെ.ദുആ ചെയ്യുക. ത്യാഗങ്ങൾ അർപ്പിച്ച ശുഹദാക്കളുടെ മക്കളെയും ദുആയിൽ ഓർക്കുക. അല്ലാഹു അവരെയും അവരുടെ പരമ്പരകളെയും സംരക്ഷിക്കുമാറാകട്ടെ. ദൈവമാർഗത്തിൽ കാരാഗൃഹവാസം അനുഭവിക്കുന്നവർക്കു വേണ്ടിയും ദുആ ചെയ്യുക. നിയമപരമായ നിരവധി നിയന്ത്രണങ്ങൾ പാകിസ്താനിൽപ്രത്യേകം ഏർപ്പെടുത്തിയിരിക്കുകയാണ്. ഈ നിയന്ത്രണങ്ങൾ ഇല്ലാതായി പരസ്യമായി ആരാധനനിർവഹിക്കാൻ തൗഫീഖ് ലഭിക്കാൻ വേണ്ടിയും ദുആ ചെയ്യുക. എല്ലാ തടസ്സങ്ങളും നീങ്ങി സ്വതന്ത്രമായ നിലയിൽ ബലികർമ്മം നിർവഹിക്കാൻ കഴിയുമാറാകട്ടെ. പ്രസ്തുത ബലികർമങ്ങളുടെ ആത്മചൈതന്യം ഉൾക്കൊള്ളാനുള്ള ഗ്രാഹ്യശക്തി അല്ലാഹു പ്രദാനം ചെയ്യുമാറാകട്ടെ.

ഖുതുബയുടെ അവസാനം ഹുസൂർ തിരുമനസ്സ് പറഞ്ഞു: ഖുതുബ ശ്രവിക്കുന്ന എല്ലാവർക്കും, ഇവിടെയുള്ളവർക്കും ഞാൻ ഈദ് ആശംസകൾ നേരുന്നു. ഈ ഈദ് ഏവർക്കും അല്ലാഹു അനുഗൃഹീതമാക്കിത്തീർക്കട്ടെ.

اَلْحَمْدُ لِلّٰهِ نَحْمَدُهٗ وَ نَسْتَعِيْنُهٗ وَ نَسْتَغْفِرُهٗ وَنُؤْمِنُ
بِهٖ وَ نَتَوَكَّلُ عَلَيْهِ وَ نَعُوْذُ بِاللّٰهِ مِنْ شُرُوْرِ اَنْفُسِنَا وَ
مِنْ سَيِّئَاتِ اَعْمَالِنَا مَنْ يَّهْدِهِ اللّٰهُ فَلَا مُضِلَّ لَهٗ وَمَنْ
يُضْلِلْهُ فَلَا هَادِيَ لَهٗ۔ وَنَشْهَدُ اَنْ لَّآ اِلٰهَ اِلَّا اللّٰهُ وَنَشْهَدُ اَنَّ
مُحَمَّدًا عَبْدُهٗ وَرَسُوْلُهٗ۔ عِبَادَ اللّٰهِ رَحِمَكُمُ اللّٰهُ اِنَّ اللّٰهَ يَاْمُرُ
بِالْعَدْلِ وَ الْاِحْسَانِ وَ اِيْتَاءِ ذِي الْقُرْبٰى وَ يَنْهٰى عَنِ الْفَحْشَاءِ
وَالْمُنْكَرِ وَ الْبَغْيِ يَعِظُكُمْ لَعَلَّكُمْ تَذَكَّرُوْنَ اُذْكُرُوا اللّٰهَ
يَذْكُرْكُمْ وَادْعُوْهُ يَسْتَجِبْ لَكُمْ وَلَذِكْرُ اللّٰهِ اَكْبَرُ۔


**EID SERMON SUMMARY** DELIVERED BY**HAZRAT KHALIFATUL MASIH V(ATBA)**

ISLAMABAD UK ON 06.06.2025

SUMMARIZED BY MAJLIS ANSARULLAH BHARAT

MALAYALAM TRANSLATION BY BM ARIF

FOR MALAYALAM DESK, QADIAN

PUBLISHED BY NAZARAT NASHR-O-ISHAAT,

SADR ANJUMAN AHMADIYYA QADIAN 143516